കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1822/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 26/10/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും

അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1822/2017തീയതി: 26/10/2017

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-10-2016 മുതൽ 31-07-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെപേര്, തസ്തിക	ശ്രീ.ജി.ബിനുകുമാർ, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	11.09.2017 മുതൽ 23.09.2017 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	

ശ്രീ.ശശിജോഷ്.എ	അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.എസ്.സുബി	സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ്.വി.എസ്സ്.	സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.എച്ച്.അബ്ദുൾ ഖാദർ ഈറ്റിമൂട്ടിൽ വീട് പത്തേക്കർ	01.04.2016 മുതൽ 06.12.2016 വരെ
	ശ്രീമതി. വിജയമ്മ ലക്ഷ്മണൻ ചരുവിളപുത്തൻ വീട് ആര്യങ്കാവ്	07.12.2016 മുതൽ 29.08.2016 വരെ
	ശ്രീ.സുരേഷ് ബാബു.സി രത്നവിലാസം അച്ചൻകോവിൽ	29.08.2016 മുതൽ 31.03.2017 വരെ
സെക്രട്ടറി	ശ്രീ.ഷെമീം.എ	01.04.2016 മുതൽ 31.03.2017 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

തസ്തിക	പേര്	കാലയളവ്
അസി.സെക്രട്ടറി	ശ്രീമതി.ആർ.സുജാത	01.04.2016 മുതൽ 31.03.2017 വരെ
കൃഷി ഓഫീസർ	ശ്രീമതി.സിന്ധു.കെ.എസ്	01.04.2016 മുതൽ 11.02.2017 വരെ
	ശ്രീമതി.അംജത ഹബീബ്	12.02.2017 മുതൽ 31.03.2017 വരെ
വെറ്റിനറി സർജൻ	ഡോ.ശോഭ രാധാകൃഷ്ണൻ	01.04.2016 മുതൽ

		31.03.2017 വരെ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി(ആരോഗ്യം)	ഡോ.ആർ.ബിനു	01.04.2016 മുതൽ 31.07.2016 വരെ & 01.11.2016 മുതൽ 31.03.2017 വരെ
	ഡോ.ഹരീഷ്	01.08.2016 മുതൽ 31.10.2016 വരെ
മെഡിക്കൽഓഫീസർ (ആയുർവേദം)	ഡോ.രാജ്കുമാർ	01.04.2016 മുതൽ 09.08.2016 വരെ
	ഡോ.ഷാജി ബോസ്	10.08.2016 മുതൽ 28.11.2016 വരെ
	ഡോ.മിനി	29.11.2016 മുതൽ 31.03.2017 വരെ
വി.ഇ.ഒ	ശ്രീ. പ്രമോദ്കുമാർ	01.04.2016 മുതൽ 31.03.2017 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി.അനീസ.എസ്.കെ	01.04.2016മുതൽ 31.03.2017വരെ
അസിസ്റ്റന്റ് എൻജിനീയർ	ശ്രീ. രാജേഷ് .ബി.കെ	01.04.2016 മുതൽ 05.10.2016 വരെ
	ശ്രീ. പത്മകുമാർ	06.10.2016മുതൽ 31.03.2017 വരെ
ഹെഡ്മിസ്ട്രസ്,	ശ്രീമതി.സി.ഓമന	01.04.2016 മുതൽ

		02.06.2016 വരെ
	ശ്രീമതി.സിമി.ആർ	03.06.2016 മുതൽ 30.06.2016 വരെ
ഗവ.എൽ പി .സ്കൂൾ	ശ്രീമതി.ജീൻ.സി.	01.07.2016മുതൽ 09.08.2016 വരെ
	ശ്രീമതി.പ്രമീള	10.08.2016 മുതൽ 30.09.2016 വരെ
	ശ്രീമതി.ജാസ്മിൻ.സി.എഫ്	01.10.2016 മുതൽ 31.03.2017 വരെ

ഉള്ളടക്കം

ക്രമ നം	ഭാഗം-1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക	1-2
3	വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തനതുവരുമാനം	1-7

8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തരനിയന്ത്രണം	1-10
11	സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-11
ഭാഗം-2		
12	തൊഴിൽനികുതി അടയ്ക്കാതിരുന്നത്- നടപടികൾ എടുത്തില്ല	2-1
13	വിമുക്തഭടൻമാർക്ക് തൊഴിൽനികുതി ഇളവുനൽകി	2-2
14	തൊഴിൽനികുതി-സമയപരിധി കഴിഞ്ഞ് അടച്ചതിന് പിഴ ഈടാക്കിയില്ല-നഷ്ടം 961/- രൂപ	2-3
15	ഇ ടെൻഡർ -ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഈടാക്കിയില്ല.	2-4
16	കുടിശ്ശികതുക പൂർണമായും ഒടുക്കാത്തവർക്കും പിഴപ്പലിശ ഒഴിവാക്കി – 4,402/-രൂപ വരവുനഷ്ടം	2-5
17	വസ്തുനികുതിനിർണ്ണയം-തറവിസ്തീർണം കണക്കാക്കിയതിൽ കുറവ് -6,532/-രൂപ നികുതി നഷ്ടം	2-6
ഭാഗം -3		
18	വിദേശത്ത് ജോലിക്ക് ധനസഹായം-തൊഴിൽ വിസ ഹാജരാക്കിയില്ല – 50,000/-രൂപ തടസ്സപ്പെടുത്തുന്നു	3-1

19	രേഖകൾ ഹാജരാക്കിയില്ല- 3,92,300/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു	3-2
20	മരുന്ന്പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല	3-3
21	കക്കൂസ് നിർമ്മാണം പൂർത്തിയാക്കിയില്ല.	3-4
22	ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല.	3-5
23	പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കൾ, പ്രവൃത്തിയുടെ പുരോഗതി-വിവരങ്ങൾ ലഭ്യമല്ല	3-6
24	ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച -2,59,37,255/- രൂപ ചെലവഴിച്ചില്ല.	3-7
25	സമ്പൂർണവൈദ്യുതീകരണം - രാജാക്കുപ്പ് വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ -പ്രവൃത്തി പൂർത്തീകരണവിവരങ്ങൾ ഇല്ല.	3-8
26	കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികളും വിപുലീകരണവും-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല.	3-9
ഭാഗം 4		
27	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
28	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2

29	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
30	വായ്പ / വായ്പ തിരിച്ചടവ്	4-4
31	സ്ഥിരനിക്ഷേപങ്ങൾ	4-5
32	ഓഡിറ്റ് റിക്കവറി	4-6
33	സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
34	ഓഡിറ്റ് പ്രത്യവലോകനം	4-8
35	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9
36	വാർഷിക ധനകാര്യപത്രിക സാക്ഷ്യപത്രം 2016-17	4-10

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2016-17 സാമ്പത്തികവർഷത്തെ ബജറ്റ് 05.03.2016-ലെ ഭരണസമിതിയോഗത്തിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റുകൾ സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രികകൾ അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക

സാമ്പത്തിക വർഷം	ഓഡിറ്റിൽ ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2016-17	31.07.2017	25.07.2017

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷനു കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നംപർ/ തീയതി
2016-17	19-09-2016	ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

വാർഷികധനകാര്യപത്രികയിലെ ന്യൂനതകൾ

1.ആര്യങ്കാവ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നമ്പർ 28-ൽ വാർഷികകണക്കു പ്രകാരം 31/03/2017 ലെ നീക്കിയിരിപ്പ് 64,90,543/- രൂപയാണ്. എന്നാൽ ബാങ്ക് പാസ് ബുക്കുപ്രകാരം 65,99,237/- രൂപയാണ്. 1,08,694/- രൂപയുടെ വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല
2. ഡെപ്പോസിറ്റ് രജിസ്റ്റർപ്രകാരമുള്ള നീക്കിയിരിപ്പ് 5,03,280/- രൂപയും വാർഷികകണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 5,43,260/- രൂപയുമാണ്
3.വാർഷികകണക്കുപ്രകാരം ഒ.ഡി.എഫ് കേന്ദ്രവിഹിതം 36,13,120/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഒ.ഡി.എഫ് പദ്ധതിയിൽ 31/3/2017-ൽ 2,62,200/-രൂപ മാത്രമാണ് കേന്ദ്രവിഹിതമിനത്തിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്നത്.

1-4 സാമ്പത്തികവിശകലനം

മുന്നിരിപ്പ്	33,49,045
വരവ്	5,09,80,010
ആകെ	5,43,29,055
ചെലവ്	4,60,13,248
നീക്കിയിരിപ്പ്	83,15,807

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ്	ആകെ	ചെലവ്	ചെലവ് (%)	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)		81,63,660	81,63,660	81,63,660	100	0
വികസനഫണ്ട് (എസ്.സി.പി)		48,71,635	48,71,635	48,71,635	100	0
വികസനഫണ്ട് (ടി.എസ്.പി)		8,81,300	8,81,300	8,81,300	100	0
സംരക്ഷണഗ്രാന്റ് (റോഡ്)		68,34,809	68,34,809	68,34,809	100	0
സംരക്ഷണഗ്രാന്റ് (റോഡിതരം)		11,27,451	11,27,451	11,27,451	100	0
13-ംധനകാര്യ കമ്മീഷൻ അവാർഡ്		93,01,155	93,01,155	93,01,155	100	0
പെർഫോർമൻസ് ഗ്രാന്റ്		15,23,590	15,23,590	15,23,590	100	0
എം.ജി.എൻ.ആർ.ഇ.ജി.എസ്	2,792	2,22,24,556	2,22,27,348	2,22,22,425	99.97	4923
ബി ഫണ്ട്	0	1,88,03,860	1,88,03,860	1,88,03,860	100	

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
2016-17	190	9,67,95,423	84	3,43,18,927	25	81	44.2

1-7 തനതുവരുമാനം

ഓഡിറ്റ്വർഷം തനതുവരുമാനത്തിൽ സ്ഥാപനത്തിന് താഴെപ്പറയും പ്രകാരം 4.4% വർദ്ധനവുണ്ടായിട്ടുണ്ട്.

ഇനം	മുൻ വർഷം	തൻ വർഷം	വ്യത്യാസം
നികുതി വരവുകൾ	28,20,324	20,90,872	(-)7,29,452
നികുതിയേതിര വരവുകൾ	8,00,838	7,42,267	(-)58,571
മറ്റു വരവുകൾ	39,73,000	50,97,484	(+)11,24,484
ആകെ	75,94,162	79,30,623	3,36,461

1-8 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	51,600	35
കർഷകതൊഴിലാളിപെൻഷൻ	11,76,040	143
വിധവാപെൻഷൻ	72,51,730	685
വികലാംഗപെൻഷൻ	16,25,140	169
വാർദ്ധക്യകാലപെൻഷൻ	86,99,350	793

1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 14,839/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

തനതുഫണ്ട്, ബി-ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. ഓരോ വർഷവും പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ കൂട്ടിച്ചേർത്ത് ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് വിഭാഗം	അവസാനം ഓഡിറ്റ് നടത്തി തീയതി	ഓഡിറ്റ് കാലയളവ് / വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി
പെർഫോർമെൻസ് ഓഡിറ്റ്	10.08.2017	07/2017	ഇല്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	21.06.2014 മുതൽ 21.06.2014 വരെ	2009-10 മുതൽ 2013-14 വരെ	എൽബിഎ എച്ച് ക്യു IV/8A2172/ 14-1/05.08.2014

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തൊഴിൽനികുതി അടയ്ക്കാതിരുന്നത്- നടപടി എടുത്തില്ല

ട്രാവൻകൂർ റബ്ബർ&ടീ, അമ്പനാട് എന്ന സ്ഥാപനം 2015-16 വർഷംരണ്ടാംപകുതിയിൽ , ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ 1,38,390/- രൂപ 10-3-16 ലെ 11503500027 രസീതുപ്രകാരം അടച്ചിട്ടുണ്ട്. 2016-17 വർഷം രണ്ട് അർദ്ധവർഷങ്ങളിലും ടി സ്ഥാപനം തൊഴിൽനികുതി അടച്ചതായി കാണുന്നില്ല. ഓഡിറ്റ് വർഷം സ്ഥാപനം പ്രവർത്തിച്ചിരുന്നെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥമാണ്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 5/15-9-2017-ന് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

2-2 വിമുക്തഭടൻമാർക്ക് തൊഴിൽനികുതി ഇളവുനൽകി

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ആര്യങ്കാവ് ബ്രാഞ്ചിലെ ജീവനക്കാരുടെ 2016-17 ലെ രണ്ട് അർദ്ധവർഷത്തെയും തൊഴിൽനികുതി സമർപ്പിച്ചു കൊണ്ടുള്ള കത്തുകളിലും ബാങ്കിലെ 2 ജീവനക്കാർ വിമുക്തഭടൻമാർ ആണെന്നും അവർക്ക് ഇളവുണ്ടെന്നും

സൂചിപ്പിച്ചിട്ടുണ്ട്. വിമുക്തഭടൻമാർക്ക് തൊഴിൽനികുതിയിൽ ഇളവ് ഇല്ലാത്തതിനാൽ ടിയാളുകളിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് അന്വേഷണം7/15-9-17-ൽ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. പ്രസ്തുത ജീവനക്കാരിൽനിന്ന് ഓഡിറ്റ് വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-3 തൊഴിൽനികുതി സമയപരിധി കഴിഞ്ഞ് അടച്ചതിന് പിഴ ഈടാക്കിയില്ല - നഷ്ടം **961/-** രൂപ

ഹാരിസൻ മലയാളം ലിമിറ്റഡ് ,വെഞ്ചർ എന്ന സ്ഥാപനം ജീവനക്കാരുടെ 2016-17 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി (സ്ഥാപനതൊഴിൽനികുതി ഉൾപ്പെടെ) 96,120/- രൂപ 5-4-2017 ലെ 11703500002 മുതൽ 11703050002 വരെ രസീതുകൾ പ്രകാരം അടച്ചിട്ടുണ്ട്. 31-3-2017-നകം ഒടുക്കേണ്ട നികുതി സമയപരിധികഴിഞ്ഞ് അടച്ചതിനാൽ പിഴയിനത്തിൽ 961/-രൂപ ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കി യില്ലാത്തതിനാൽ 961/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-4 ഇ ടെൻഡർ -ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തുഫണ്ടിലേയ്ക്ക് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം ഇ-ടെൻഡർ നടത്തിയ അച്ചൻകോവിൽ കുഴിഭാഗം റോഡ് സംരക്ഷണം എന്ന മരാമത്തുപ്രവൃത്തിയുടെ ടെണ്ടർ ഫോറവിലയിനത്തിൽ 5,700/-രൂപ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തുഫണ്ടിന്റെ ഭാഗമാകേണ്ട പ്രസ്തുതതുക ഗ്രാമപഞ്ചായത്തിലേയ്ക്ക് ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മുൻവർഷങ്ങളിൽ ഇ-ടെൻഡർ നടത്തിയ മരാമത്തുപ്രവൃത്തികളുടെ ടെണ്ടർ ഫോറവിലയിനത്തിൽ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അടവാക്കിയ തുകകളും പഞ്ചായത്തുഫണ്ടിലേയ്ക്ക് ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറവിലയിനത്തിലുള്ള മുഴുവൻ തുകയും ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

2-5 കുടിശ്ശികതുക പൂർണമായും ഒടുക്കാത്തവർക്കും പിഴപ്പലിശ ഒഴിവാക്കി- **4,402**രൂപ വരവുനഷ്ടം

സ.ഉ (സാധാ) നം. 3039/2016തസ്വഭവ തീയതി 07/11/2016, സ.ഉ (സാധാ) നം. 278/2017/തസ്വഭവ തീയതി 01/02/2017 എന്നിവപ്രകാരം വസ്തുനികുതി കുടിശ്ശികക്കാർ ഒറ്റ തവണയായി കുടിശ്ശിക അടയ്ക്കുന്നപക്ഷം പിഴപ്പലിശ ഒഴിവാക്കി.

എന്നാൽ മേൽ ആനുകൂല്യം കുടിശ്ശിക പൂർണമായും അടയ്ക്കാത്തവർക്കും നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ. നം	കെട്ടിട നം	രസീത് നം	തീയതി	വർഷം	വസ്തു നികുതി	ലൈബ്രറി സെസ്	ആകെ	അർദ്ധ വർഷ വസ്തു നികുതി	അർദ്ധവർഷ വസ്തു നികുതി കുടിശ്ശിക യായ മാസങ്ങളുടെ എണ്ണം	ഈടാക്കേണ്ടിയിരുന്ന പലിശ	അഭിപ്രായക്കുറിപ്പ്
1	IX/32 ഷാഹുൽ ഹമീദ്	62 /27566	28/03 /2017	2015 -16	2,412	121	2,533	1,206	30	362	2016-17 വർഷത്തെ നികുതി ഈടാക്കിയില്ല.
2	XIII/203 മുതൽ XIII/310 വരെയുള്ള 98 കെട്ടിടങ്ങൾ മാനേജർ ടി .ആർ .&ടി എസ്റ്റേറ്റ്	11603 100857 മുതൽ 11603 100954 വരെ	06/10 /2016	2013 -14 2014 -15	7,246	424	7,672	1,811	112	2,028	2015-16, 2016-17 വർഷത്തെ നികുതി ഈടാക്കിയില്ല.
3	XIII/124 മുതൽ XIII/201, വരെ (XIII/ 199 ഒഴികെ) യുള്ള	11603 100773 മുതൽ 11603 100854 വരെ(771 ,781 ,848,849	04/10 /2016	2013 -14 രണ്ടാം അർദ്ധ വർഷം, 2014 -15	5,203	313	5,516	1,734	75	1,301	2015-16, 2016-17 വർഷത്തെ നികുതി ഈടാക്കിയില്ല.

	77 കെട്ടിടങ്ങൾ മാനേജർ ടി .ആർ.&ടി എസ്റ്റേറ്റ്	,851 ,852,853 എന്നിവ ഒഴികെ)									
4	XIII/311 മുതൽ XIII/347, വരെ മാനേജർ ടി .ആർ.&ടി എസ്റ്റേറ്റ്	116031 00955 മുതൽ 116031 00988 വരെ	07/10 /2016	2013 -14 , 2014 -15	2,539	156	2,695	635	112	711	2015-16, 2016-17 വർഷത്തെ നികുതി ഈടാക്കിയില്ല.
	ആകെ									4,402	

മേൽ അപാകതയക്ക് വിശദീകരണം നൽകുന്നതിനും , മേൽ പരാമർശിച്ച രസീതുകൾ വിതരണംചെയ്ത ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരുവിവരം ഓഡിറ്റിൽ അറിയിക്കാനും ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/23-09-2017) മറുപടി ലഭ്യമാക്കിയില്ല. പിഴപ്പലിശ ഇനത്തിൽ കുറവുവന്ന 4,402/- രൂപ നികുതിദായകരിൽനിന്നോ നഷ്ടത്തിന് ഉത്തരവാദികളായ ജീവനക്കാരിൽനിന്നോ ഈടാക്കേണ്ടതാണ്

2-6 വസ്തുനികുതിനിർണയം-തറവിസ്തീർണം കണക്കാക്കിയതിൽ കുറവ് - 6,532/- രൂപ നികുതിനഷ്ടം

ഇടപ്പാളയം വാർഡിൽ ശ്രീ ബിജുമോൻ സെബാസ്റ്റ്യൻ, മലക്കുന്നിൽ എന്നയാളുടെ ഉടമസ്ഥതയിൽ ഒരേ പ്ലോട്ടിൽ നിർമ്മിച്ചിട്ടുള്ള 348.97 ച.മി തറവിസ്തീർണമുള്ള ലോഡ്ജും 134.3ച.മി തറവിസ്തീർണമുള്ള റെസ്റ്റാറന്റും ഉൾപ്പടെ 483.1ച.മി തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് 13 കെട്ടിടനമ്പരുകൾ അനുവദിച്ച് വസ്തുനികുതി നിർണയിച്ചപ്പോൾ 91.6ച,മി തറവിസ്തീർണം ഒഴിവാക്കപ്പെട്ടതുമൂലം വസ്തുനികുതിയിൽ 6,532 രൂപയുടെ കുറവുവന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) ലോഡ്ജ്

ആകെ തറവിസ്തീർണം 348.97

മേഖല പ്രഥമം

കെട്ടിട നമ്പർ	ഉപയോഗക്രമം/ നികുതി നിരക്ക്	തറ വിസ്തീർണം	അടിസ്ഥാന നികുതി	ഇളവ്/ വർദ്ധന	ആകെ	ലൈ. സെസ്സ്	ഈടാക്കിയ വസ്തു നികുതി
382	ലോഡ്ജ് 30/	24.48	734.4	146.88	882	45	927
383		19.1	573	114.6	688	35	723
384		27.25	817.5	163.5	981	50	1031
385		23.62	708.6	141.72	851	43	893
386		18.14	544,2	108.84	654	33	687
387		18.16	544.8	108.96	654	33	687
388		20.35	610.5	122.1	733	37	770
389		21.2	632	127.2	764	39	803
390		30.52	915.6	183.12	1099	55	1154
391		19.4	582	116.4	699	35	734
392		23.1	69	138.6	832	42	874
39		25.78	929	45	974	47	976
394	ഓഫീസ് 40	27.6	1,104	220.8	1325	67	1,392
	ആകെ	298.7					11,681

തറവിസ്തീർണം കണക്കാക്കിയതിലെ കുറവ് (348.97 -298.7) =50.27

അടിസ്ഥാനനികുതി 348.97x30 =10,469.1

ഇളവ്/വർദ്ധന =2,093.82

ആകെ =12,563

ലൈബ്രറിസെസ്സ് =629

ആകെ =13,192

വസ്തുനികുതി നിർണയിച്ചതിൽ വന്ന കുറവ് =(13,192-11,681) = 1,511

ബി) റെസ്റ്ററന്റ്

ആകെ തറവിസ്തീർണം 134.33

മേഖല പ്രഥമം

വഴി സൗകര്യം ഹൈവേ

മേൽക്കൂര കുറഞ്ഞതരം

കെട്ടിട നമ്പർ	ഉപയോഗ ക്രമം/ നികുതി നിരക്ക്	തറ വിസ്തീർണം	അടിസ്ഥാന നികുതി	ഇളവ് /വർദ്ധന	ആകെ	ലൈ .സെസ്സ്	വസ്തു നികുതി
395	റെസ്റ്ററന്റ് 40	92.8	3712	371.2	4,084	205	4,289

തറവിസ്തീർണം കണക്കാക്കിയതിലെ കുറവ് (134.33-92.8) =41.53

നികുതിനിരക്ക് =60

അടിസ്ഥാനനികുതി 134.33x60 =8,059.8

ഇളവ്/വർദ്ധന =805.98

ആകെ =8,866

ലൈബ്രറി സെസ്സ് =444

ആകെ =9,310

വസ്തുനികുതി നിർണയിച്ചതിൽ വന്ന കുറവ് =(9,310-4,289) = 5,021

വസ്തുനികുതി നിർണയിച്ചതിൽ വന്ന 6,532/- (1,511+5,021)രൂപയുടെ കുറവിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11-19/09 /2017) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തുഫണ്ടിനുണ്ടായ 6,532/- രൂപയുടെ നഷ്ടം കെട്ടിട ഉടമയിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വിദേശത്ത് ജോലിക്ക് ധനസഹായം തൊഴിൽ വിസ ഹാജരാക്കിയില്ല - 50,000/-രൂപ തടസ്സപ്പെടുത്തുന്നു

പട്ടികജാതി യുവജനങ്ങൾക്ക് വിദേശത്ത് ജോലിക്ക് പോകാൻ ധനസഹായം എന്ന പദ്ധതിയിൽ (പദ്ധതി നം: 96/17) ശ്രീമതി. ജയശ്രീ ,ഫ്ലോറൻസ്, വെഞ്ചർ എന്നയാൾക്ക് 50,000/- രൂപ നൽകിയിട്ടുണ്ട് (ബിൽനം: 20 / 16-17/31-3 -17). ടിയാരി തൊഴിൽ വിസ ഹാജരാക്കിയതായി കാണുന്നില്ല. മാത്രമല്ല വിമാന ടിക്കറ്റിൽ വിസയുടെ തരം " ടൂറിസ്റ്റ് " എന്നാണ് കാണിച്ചിട്ടുള്ളത്. തൊഴിൽവിസയുള്ളവർക്കുമാത്രം അനുവദിക്കേണ്ട ആനുകൂല്യമായതിനാൽ തൊഴിൽവിസയുടെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കുന്നതുവരെ 50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-2 രേഖകൾഹാജരാക്കിയിട്ടില്ല- 3,92,300 രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു

ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ബില്ലുകളോ ഫയലുകളോ ഓഡിറ്റിന് ഹാജരാക്കിയില്ല .

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ബിൽ നമ്പർ	തീയതി	തുക
1	മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ 127/17	2/16-17	20-03-17	32,300
2	മുട്ടക്കോഴി വളർത്തൽ ജനറൽ145/17	8/16-17	31-03-2017	3,60,000
			ആകെ	3,92,300

ഇതു സംബന്ധിച്ച് നൽകിയ 19-9-17 ലെ ഓഡിറ്റ് എൻക്വയറി-12-ന് ഓഡിറ്റ് അവസാനിക്കുന്നതുവരെ മറുപടി നൽകിയിട്ടില്ല. ഇക്കാരണത്താൽ 3,92,300 രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു. രേഖകൾ എത്രയുംവേഗം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തപക്ഷം 1997ലെ കേരള പഞ്ചായത്ത് രാജ് പരിശോനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം രേഖകൾ നിലവിലില്ല എന്ന് കരുതുന്നതും 1994-ലെ കേരള ലോക്കൽ ഫണ്ട് ആക്ടിലെ വകുപ്പ് 12 പ്രകാരമുള്ള ശിക്ഷാനടപടികളിലേക്ക് കടക്കുന്നതുമാണ് .

3-3 മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം & അലോപ്പതി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി ഔഷധി,

കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ തുക മുൻകൂറായി നിക്ഷേപിച്ചിരുന്നുവെങ്കിലും മരുന്നും ഉപകരണങ്ങളും ഇനിയും ലഭ്യമാകാൻ ശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ വിവരം	നിക്ഷേപിച്ച തുക, സ്ഥാപനം	ഡി.ഡി/ ബിൽ.നം, തീയതി	ലഭ്യമാക്കിയ മരുന്ന്/ഉപകരണങ്ങളുടെ വില	ലഭ്യമാക്കാനവശേഷിക്കുന്ന മരുന്ന്/ഉപകരണങ്ങളുടെ വില
ആയുർവേദ ആശുപത്രി മരുന്നുവാങ്ങൽ, 22/17	1,50,000/- (ഔഷധി)	1/16-17/ 27-1-20179	1,41,238/-	8,762/-
പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ, 54/17	2,00,000/- (കെ.എം.എസ്.സി.എൽ)	3/16-17/ 13-3-2017	2,00,000/-	2,00,000/-
പാലിയേറ്റിവ് പരിചരണ പദ്ധതിയിൽ മരുന്ന് വാങ്ങൽ, 49/17	60000/- (കെ.എം.എസ്. സി.എൽ)	5/16-17/ 23-03-2017 (ബിൽപ്രകാരം മാറിയ1, 31,000 രൂപയിൽ നിന്നും 60000/-രൂപ)	60,000/-	60,000/-

ശേഷിക്കുന്നവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കുന്ന മരുന്നുകളുടേയും ഉപകരണങ്ങളുടേയും തുക 2,68,762/- രൂപ തടസ്സപ്പെടുത്തുന്നു.

3-4 കക്കൂസ്-നിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള കക്കൂസ് നിർമ്മാണം എന്ന പദ്ധതിയിൽ

(പദ്ധതി നം.14/16-17)ശ്രീമതി. സുമതി ചക്രവർത്തി, ഗിരിജൻ കോളനി, ആര്യങ്കാവ് എന്ന വ്യക്തിക്ക് ആദ്യഗഡുവായി 7,500 /- രൂപ (ഡി.ഡി.നമ്പർ 844065 തീയതി 5-9-16) നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റിയതായി കാണുന്നില്ല. പണി പൂർത്തിയാക്കാനുള്ള നടപടികളെടുക്കേണ്ടതും പൂർത്തീകരണവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം മുൻകൂർ അനുവദിച്ച തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

3-5 <u>ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജ നം. 62/17) വികസനഫണ്ടിൽനിന്നും 1,00,000/- രൂപ വകയിരുത്തുകയും 23.1.17 ലെ ബിൽ നം. 32/16-17 പ്രകാരം 1,00,000/- രൂപ ഹോംകോയിൽ ഒടുക്കുകയും ചെയ്തെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി 18.09.17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.2-ന് നാളിതുവരെ മരുന്നു ലഭിച്ചിട്ടില്ലായെന്നും ഈ മാസംതന്നെ മരുന്ന് ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഹോംകോയിൽ ഒടുക്കിയ 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

3-6 <u>പി.എം.എ.വൈ. വിഹിതം നൽകൽ - ഗുണഭോക്താക്കൾ, പ്രവൃത്തിയുടെ പുരോഗതി വിവരങ്ങൾ ലഭ്യമല്ല</u>

പി.എം.എ.വൈ.യിലേക്ക് ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽനിന്നും നിശ്ചയിക്കപ്പെട്ട ന്യൂനപക്ഷവിഭാഗം ഗുണഭോക്താക്കളുടെ എണ്ണം 8 ആണെന്നും ഗുണഭോക്താവൊന്നിന് 20,000/- രൂപ നിരക്കിൽ 8 ഗുണഭോക്താക്കൾക്കായി 1,60,000/-രൂപ ഒടുക്കണമെന്നും അഞ്ചൽ ബ്ലോക്കുപഞ്ചായത്തിൽനിന്നും ആവശ്യപ്പെട്ടതിനെതുടർന്ന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ.വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം (നം.67/16-17) വികസനഫണ്ടിൽനിന്നും 26.11.16 ലെ ബിൽ നം.23/16-17 പ്രകാരം 1,60,000/-രൂപ പിൻവലിച്ച് ബ്ലോക്കുപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.എന്നാൽ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളോ പ്രവൃത്തി പുരോഗതി വിവരങ്ങളോ വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചന അപാകതകയിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 19.08.17-ൽ നൽകിയ ഓഡിറ്റ്

എൻക്വയറിനം.3ന് ഈ പ്രോജക്ടിന്റെ നിർവഹണം അഞ്ചൽ ബ്ലോക്കുപഞ്ചായത്തിനാണെന്നും ഗുണഭോക്താക്കളുടെയും, പ്രവൃത്തി പുരോഗതിയുടെയും വിവരങ്ങൾ ബ്ലോക്കുപഞ്ചായത്തിൽനിന്ന് വാങ്ങി ലഭ്യമാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. മതിയായ രേഖകളുടെ അഭാവത്തിൽ പി.എം.എ.വൈ.വിഹിതമായി നൽകിയ 1,60,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെയും, പ്രവൃത്തി പുരോഗതിയുടെയും വിവരങ്ങൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

3-7 ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച- 2,59,37,255/-രൂപ ചെലവഴിച്ചില്ല

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ 2,59,37,255/- രൂപ ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിവിധ പദ്ധതികളുടെ നിർവഹണത്തിനായി ഗ്രാമപഞ്ചായത്തിന് തൻവർഷം സർക്കാർ അനുവദിച്ചുനൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഫണ്ടിനം	വാർഷിക ദ്ധതി പ്രകാരം വകയിരുത്തിയ തുക	അനുവദിച്ച തുക	ചെലവഴിച്ച തുക	ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക
1	വികസന ഫണ്ട് (പൊതു വിഭാഗം)	2,05,94,094/-	1,81,36,994	81,63,660	99,73,334
2	വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി)	77,59,565	66,59,565	48,71,635	17,87,930
3.	പട്ടികവർഗ ഉപപദ്ധതി	18,62,863	1,46,645	8,81,300	5,65,345
3	ധനകാര്യ കമ്മീഷൻ ഗ്രാന്റ്	1,37,78,308	1,01,70,214	93,01,155	8,69,059
4	കെ.എൽ.ജി.എസ്.ഡി.പി.	60,67,529	42,68,177	15,23,590	27,44,587
5	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	2,26,24,322	1,31,93,322	68,34,809	63,58,513
6	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	77,28,842	47,65,938	11,27,451	36,38,487

	ആകെ	2,59,37,255

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതിനിർവ്വഹണത്തിലെ വീഴ്ചകൾമൂലം 2,59,37,255/-രൂപ ചെലവഴിക്കപ്പെടാതെ നഷ്ടമായിരിക്കുകയാണ്. മേൽ അപാകതയ്ക്ക് വിശദീകരണം തേടി 18.09.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.1ന് ചെലവഴിയ്ക്കപ്പെടാതെ പോയ തുകകൾ വകയിരുത്തി സ്പിൽഓവർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ഉല്പാദന,പശ്ചാത്തലമേഖലകളിൽ നിർവഹണം നടത്തിയ പല പ്രോജക്ടുകളിലും വകയിരുത്തിയ തുകകൾ ചെലവഴിയ്ക്കപ്പെട്ടിട്ടില്ലാത്തതിനാലും പ്രസ്തുത പ്രോജക്ടുകൾ സ്പിൽഓവർ ആക്കിയിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത്തിന്റെ മറുപടി വസ്തുതാപരമല്ല. വാർഷികപദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നേടിയ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും ഫണ്ടുകൾ വിനിയോഗിക്കുവാനും നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3-8 സമ്പൂർണ വൈദ്യുതീകരണം - രാജാക്കുപ്പ് വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ,പ്രവൃത്തി പൂർത്തീകരണവിവരങ്ങൾ ഇല്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമ്പൂർണവൈദ്യുതീകരണം-രാജാക്കുപ്പ് വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിനായി (പ്രോ.നം.196/16-17) പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 06.03.17-ലെ ബിൽ നം.38/16-17 പ്രകാരം 6,00,000/-രൂപയും ധനകാര്യകമ്മീഷൻ അവാർഡിൽനിന്നും 06.03.17-ലെ ബിൽ നം.39/16-17 പ്രകാരം 4,00,000/-രൂപയും പിൻവലിച്ച് കെ.എസ്.ഇ.ബി.യുടെ തെന്മല ഇലക്ട്രിക്കൽ ഡിവിഷനിൽ ഒടുക്കിയിട്ടുണ്ട്.എന്നാൽ പ്രവൃത്തി പൂർത്തീകരണവിവരങ്ങൾ ഇല്ല.

മേൽ സൂചന അപാകതകയിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 23.09.17ൽ നം.17ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരണവിവരങ്ങൾ വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ,ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ വൈദ്യുതിലൈൻ ദീർഘിപ്പിക്കലിനായി നൽകിയ 10,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ബിൽ നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള സംസ്ഥാന വൈദ്യുതി ബോർഡ്	രാജാക്കുപ്പ് വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ	29/21.03.17	10,00,000	10,00,000	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം12,377/- രൂപ വരവ് വന്നിട്ടുണ്ട്.

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഭാഗം / ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ	തീയതി
1	2011-12, 12-13	3-2	5,567	രാജേന്ദ്രകുമാർ, മുൻസെക്രട്ടറി	11603100051	6/04/2016

2	2013-14, 14-15	3.3	960	രാജേന്ദ്രകുമാർ, മുൻസെക്രട്ടറി	116031000057	08/04/2016
3	2013-14, 14-15	2.2(3)	750	രാജേന്ദ്രകുമാർ, മുൻസെക്രട്ടറി	11603100081	12/04/2016
4	2013-14, 14-15	2-4	100		11603100083	13/04/2016
5	2013-14, 14-15	2-4	100		11603100083	13/04/2016
6	2013-14, 14-15	2-4	100		11603100083	13/04/2016
7	2013-14, 14-15	2-4	50		11603100083	21/04/2016
8	2013-14, 14-15	2-1	1,250		116031000154	27/04/2016
9	2013-14, 14-15	2-1	2,500		116031000353	30/06/2016
10	2011-12, 12-13	2-3	1,000		116031000448	21/07/2016
ആകെ			12,377			

4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

വർഷം	2016-17
ഓഡിറ്റ് വർഷത്തെ ആകെ വരവ്	5,09,800,010
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	4,60,13,248
വരവിനങ്ങളിലുള്ള നഷ്ടം	6,532
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	19,71,062

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ്	സർചാർജ്ജ്	
2-6	6532		ശ്രീ.ഷെമീം.എ, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	50,000	ശ്രീമതി.ആർ.സുജാത, അസി.സെക്രട്ടറി
3-2	3,92,300	ഡോ.ശോഭ രാധാകൃഷ്ണൻ, വെറ്ററിനറി സർജൻ
3-3	2,68,762	ശ്രീ.ബിനു.ആർ, മെഡിക്കൽ ഓഫീസർ, പി.എച്ച.സി
3-5	1,00,000	ശ്രീ.ഷെമീം.എ, സെക്രട്ടറി
3-6	1,60,000	ശ്രീ.ഷെമീം.എ, സെക്രട്ടറി
3-8	10,00,000	ശ്രീ.ഷെമീം.എ, സെക്രട്ടറി

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ ആകെ വിവരം.

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ഷെമീം.എ,	സെക്രട്ടറി	ആരണ്യകം, അച്ചൻകോവിൽ.പിഒ, പിറവന്തൂർ വഴി , കൊല്ലം

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	എൽ എഫ് ക്യു പി 4/1279(5)/2014/19.6.14
1997-98	എൽ എഫ് ക്യു പി 4/1279(6)/2014/19.6.14
1998-99	എൽ എഫ് ക്യു പി 4/1279(7)/2014/19.6.14
1999-00	എൽ എഫ് ക്യു പി 4/1279(8)/2014/19.6.14
2000-01	എൽ എഫ് ക്യു പി 4/1279(9)/2014/19.6.14
2001-02	എൽ എഫ് ക്യു പി 4/1279(10)/2014/19.6.14
2002-03	എൽ എഫ് ക്യു പി 4/1279(11)/2014/19.6.14
2003-04	എൽ എഫ് ക്യു പി 4/1279(12)/2014/19.6.14
2004-05	എൽ എഫ് ക്യു പി 4/1279(13)/2014/19.6.14
2005-06	എൽ എഫ് ക്യു പി 4/1279(14)/2014/19.6.14

2006-07	എൽ എഫ് ക്യൂ പി 4/1279(15)/2014/19.6.14
2007-08	എൽ എഫ് ക്യൂ പി 4/1279(16)/2014/19.6.14
2008-09	എൽ എഫ് ക്യൂ പി 4/1279(17)/2014/19.6.14
2009-10	എൽ എഫ് ക്യൂ പി 4/1279(18)/2014/19.6.14
2010-11	എൽ എഫ് ക്യൂ പി 4/1279(19)/2014/19.6.14
2011-12	എൽ എഫ് ക്യൂ പി 4/2364/13 തീ.10.03.14
2012-13	എൽ എഫ് ക്യൂ പി 4/2364/13 തീ.10.03.14
2013-14 & 2014-15	എൽ എഫ് ക്യൂ പി 4/278/2016 തീ.17.02.2016
2015-16	നം. കെ.എസ്.എ. കെ.എൽ.എം. പി 4-1890/16 തീ.03/02/2017

ഡെപ്യൂട്ടിഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

4-10

സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം.പി-1/1822/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –26/10/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷികധനകാര്യ

പത്രിക, വരവുചെലവുകണക്കുകളെ ശരിയായരീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം